നിയമന നിരോധന ഉത്തരവ്

171 (2893) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-1-2002-ലെ നിയമന നിരോധന ഉത്തരവ് എയ്ഡഡ് സ്കൂളുകൾക്ക് ബാധകമാണോ ;

(ബി) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ എയ്ഡഡ് സ്കൂളുകളിൽ നിയമിച്ച സ്ഥിരം നിയമനവും താൽക്കാലിക നിയമനവും അംഗീകരിക്കാതിരിക്കുവാനുള്ള കാരണം വിശദമാക്കുമോ ;

(സി) ഏതെല്ലാം ജില്ലകളിലെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്കാണ് അംഗീകാരം സർക്കാർ നൽകിയിട്ടുള്ളത് ; അംഗീകാരം നൽകുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാധകമാണ്.

(ബി) 29-10-2001 വരെ നടന്ന നിയമാനുസൃതമായ നിയമനങ്ങൾ അംഗീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ജി.ഒ.(പി) 56/2002/ഫിൻ തീയതി 16-1-2002 പ്രകാരം മുൻകൂർ അനുമതി കിട്ടികഴിഞ്ഞ് മാത്രമേ നിയമനം നടത്താൻ നിലവിൽ കഴിയുകയുള്ളൂ.

(സി) 29-10-2001-ന് ശേഷമുള്ള നിയമനങ്ങൾ അംഗീകരിച്ചുകൊണ്ട് പൊതുവായ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

എച്ച്. എസ്. എ. (ഇംഗ്ലീഷ്) യുടെ യോഗ്യത

172 (2894) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദവും ബി.എഡ്-ഉം ഉള്ളവർ ബിരുദം മറ്റുവിഷയത്തിൽ നേടിയിട്ടുള്ളവർ ആണെങ്കിൽ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് എച്ച്.എസ്.എ. ആയി നിയമനം ലഭിക്കുവാൻ അർഹതയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) മേൽപ്പറഞ്ഞ യോഗ്യതയുള്ളവർക്ക് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly